(ഡി) 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

പുതിയതായി സൃഷ്ടിച്ച തസ്തികകൾ

80 (83) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

അഡീഷണൽ സെക്രട്ടറി	-	2
ജോയിന്റ്സെക്രട്ടറി	-	1
ഡെപ്യൂട്ടി സെക്രട്ടറി	-	1
അണ്ടർസെക്രട്ടറി	-	4
സെക്ഷൻ ഓഫീസർ	-	4
അസിസ്റ്റന്റ്	-	8
പി.എ.	-	6
ഓഫീസ് സൂപ്രണ്ട്	-	1
ടൈപ്പിസ്റ്റ്	-	2

LIBRARY ARCHIVES Kerala Legislative Assembly

ബൈന്റർ	-	1
ബൈന്റിംഗ് സൂപ്പർവൈസർ	-	2
ഓഫീസ് അസിസ്റ്റന്റ്	-	1
ഓഫീസ് അറ്റൻഡന്റ്	-	7
ക്ലറിക്കൽ അസിസ്റ്റന്റ്	-	1
ഡോബി	-	2
ഹൾ ടൈം ഫോട്ടോകോപ്പിയർ-കം-കമ്പ്യൂട്ടർ-കം-ടെലഫോൺ ക്ലീനർ	-	2
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	-	1

സൈനിക ക്ഷേമവകുപ്പിൽ കണ്ണൂർ ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു. 22-1-2014-ന് ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി 18,422 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും സൃഷ്ടിച്ചിരുന്ന തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം II* ആയി ചേർക്കുന്നു.

താത്ക്കാലിക ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം

81 (85) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ വിവിധ വകുപ്പുകളിൽ താത്ക്കാലികമായി ജോലി നോക്കി വന്നിരുന്ന എത്രപേരെ സർവീസിൽ തുടരാനോ സ്ഥിരപ്പെടുത്താനോ തീരുമാനിച്ചിട്ടുണ്ട് ;

(ബി) സ്ഥിരപ്പെടുത്താൻ തീരുമാനിക്കപ്പെട്ടവരുടെ പേരും തസ്തികയും വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(സി) സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം എന്തായിരുന്നു; ഇതേ മാനദണ്ഡം അനുസരിച്ച് സ്ഥിരപ്പെടുത്തിക്കിട്ടാൻ അർഹതയുള്ളവരിൽ നിന്ന് ലഭിച്ച എത്ര അപേക്ഷകൾ അപ്പോൾ പരിഗണനയിലുണ്ട് ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly